**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.709 11.06.2014-ൽ മറുപടിക്ക്**

**മാവേലിക്കര മണ്ഡലത്തിലെ ആശുപത്രികളുടെ നവീകരണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആർ.രാജേഷ്** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ വർക്ക് അറേഞ്ച് മെന്റിന്റെ പേരിൽ മാറ്റിയിരിക്കുന്ന മുഴുവൻ ഡോക്ടർമാരേയും തിരികെ നിയമിക്കുന്നതിനു നടപടി സ്വീകരിക്കുമോ; | (എ) മാവേലിക്കര ജില്ലാ ആശുപത്രിയിലെ 3 ഡോക്ടർമാർക്കാണ് വർക്കിംഗ് അറേഞ്ച്മെന്റ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ഡോക്ടർമാരെ തിരികെ നിയമിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) ആശുപത്രിയെ പൂർണ്ണ പ്രവർത്തന സജ്ജമാക്കുന്നതിനായി ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (ബി) മാവേലിക്കര ജില്ലാ ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനു വേണ്ടി ഒരു പ്രൊപ്പോസൽ പരിഗണിച്ചുവെങ്കിലും ആയത് വളരെ ബൃഹത്തായതിനാൽ അത്യാവശ്യ തസ്തികകൾ മാത്രം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക്, സർക്കാരിന്റെ സാമ്പത്തികസ്ഥിതി കൂടി കണക്കിലെടുത്ത് ഉചിതമായ തീരുമാനം എടുക്കുന്നതാണ്. |
| (സി) പ്രസ്തുത ആശുപത്രിയിൽ ആംബുലൻസ് സർവ്വീസ് നിലച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) മാവേലിക്കര ജില്ലാ ആശുപത്രിയിൽ '108' ആംബുലൻസ് ഉൾപ്പെടെ 3 ആംബുലൻസുകളാണ് നിലവിലുള്ളത്. ഇതിൽ ഒരെണ്ണം ഫിറ്റ്നസ് ടെസ്റ്റിന് മുന്നോടിയായുള്ള അറ്റകുറ്റ പണികൾക്ക് വർക്ക്ഷോപ്പിലാണ്. ഒരെണ്ണം പ്രവർത്തന സജ്ജവുമാണ്. |

| | |
|---|---|
| (ഡി) മാവേലിക്കര തഴക്കര പഞ്ചായത്തിലെ വെട്ടിയാർ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന പി.എച്ച്സി-യുടെ തെക്കേക്കര പഞ്ചായത്തിലെ വരേണിക്കൽ പി.എച്ച്.സി കെട്ടിടങ്ങൾ ശോചനീയാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) & (ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. പി.എച്ച്.സി-കൾ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളതായതിനാൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് സ്വീകരിക്കേണ്ടത്. |
| (ഇ) ഈ പി.എച്ച്.സി-കൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇതിനാവശ്യമായ ഫണ്ട് അനുവദിക്കുമോ? | |

Sobha

സെക്ഷൻ ഓഫീസർ